"ഭരണഭാഷ – മാതൃഭാഷ"
(കേരളം സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം-695033
ഇ മെയിൽ: cru.dttvpm@kerala.gov.in ഫോൺ നമ്പർ : 0471-2303856

---

ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: സുഫിയാൻ അഹമദ് ഐ.എ.എസ്)

---

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം- ശ്രീ. സേവ്യർ എ., കെഎഎസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ഈ കാര്യാലയത്തിലെ ചുമതലയിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവാകുന്നു.

പരാമർശം :-
1. സ.ഉ (സാധാ) നം. 4311/2026/GAD തീയതി 21/08/2026
2. ശ്രീ. സേവ്യർ എ. കെഎഎസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 01/09/2026 ലെ സമർപ്പണം

---

**ഉത്തരവ് നമ്പർ: DT/4844/2026 - A3 തീയതി: 03-09-2026**

---

പരാമർശം (1) ഉത്തരവ് പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ശ്രീ. സേവ്യർ എ. കെഎഎസ്-നെ (പെൻ:932801) കാസർഗോഡ് ജില്ലാ സാമൂഹിക നീതി ഓഫീസർ ആയി സ്ഥലമാറ്റം അനുവദിച്ച് ഉത്തരവായിരുന്നു. സ്ഥലം മാറ്റം ലഭിച്ച സ്ഥാപനത്തിൽ സേവനത്തിൽ പ്രവേശിക്കുന്നതിനായി നിലവിലെ ചുമതലയിൽ നിന്നും തന്നെ 03/09/2026 അപരാഹ്നം പ്രാബല്യത്തിൽ വിടുതൽ ചെയ്യണമെന്ന് പരാമർശം (2) പ്രകാരം ശ്രീ. സേവ്യർ എ., കെഎഎസ് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വകുപ്പിലെ ആസ്ഥാന കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചുമതല 03/09/26 അപരാഹ്നം പ്രാബല്യത്തിൽ ആസ്ഥാന കാര്യാലയത്തിലെ ഫിനാൻസ് ഓഫീസർ, ശ്രീമതി ഗംഗ എസ്.എസ് ന് (പെൻ:103846) കൈമാറികൊണ്ട്, ശ്രീ. സേവ്യർ എ., കെഎഎസ്-നെ ഈ കാര്യാലയത്തിലെ ചുമതലയിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവാകുന്നു. വകുപ്പിൽ പുതുതായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സേവനത്തിൽ പ്രവേശിക്കുന്നതുവരെ ഫിനാൻസ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പൂർണ്ണ അധികചുമതല കൂടി വഹിക്കേണ്ടതാണ്.

Digitally signed by
Sufiyan Ahmed
Date: 03-09-2026
16:47:17
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ് :

1. ശ്രീ. സേവ്യർ എ., കെഎഎസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
2. ശ്രീമതി. ഗംഗ എസ്.എസ്, ഫിനാൻസ് ഓഫീസർ.

പകർപ്പ് :

1. അഡീഷണൽ ഡയറക്ടർ (സി.എ മുഖേനെ).
2. സ്പെഷ്യൽ ഓഫീസർ - SUIIT-K.
3. ജോയിന്റ് ഡയറക്ടർ (ആസ്ഥാന കാര്യാലയം & RDT കണ്ണൂർ)
4. ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്), DySAA,
5. ഇ ഗവേർണൻസ് മാനേജർ, ഐ.ടി സെൽ (ഇ - ഓഫീസ് മാറുന്നതിനും വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
6. കരുതൽ ഫയൽ (എ3)